കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 20.12.2023 മുതൽ 24.12.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2023 (101) ചൊവ്വാഴ്ച | തീയ്യതി 19/12/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 20.12.2023 | 21.12.2023 | 22.12.2023 | 23.12.2023 | 24.12.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0.1 | 0 | 0 |
| ഉയർന്ന താപനില (°C) | 30 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 89 | 89 | 86 | 83 | 83 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 64 | 64 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 320 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 6 | 8 | 6 | 3 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) ചിനപ്പ് പൊട്ടുന്ന സമയം | പോള ചീയൽ / മൂട് ചീയൽ | വെള്ളം വാർത്തു കളഞ്ഞ ശേഷം ഹെക്സകോനാസോൾ 5 ഇ സി 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക .നെൽചെടികളുടെ ആരോഗ്യം നിലനിർത്തുന്നതിനായി ആവശ്യാനുസരണം കുമ്മായം നൽകുക. അതോടൊപ്പം മണ്ണുപരിശോധന നടത്തി ആവശ്യാനുസരണം ദ്വിതീയ-സൂക്ഷ്മ മൂലകങ്ങളും നൽകുക. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളി രോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോ മിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക |
| ശീതകാല പച്ചക്കറികൾ | പരിപാലനം | പറിച്ചുനട്ട 40 ദിവസം കഴിയുമ്പോ രണ്ടാം വളമായി സെൻറ്റിനു 650 ഗ്രാം യൂറിയ, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക. കോളിഫ്ലവർ പൂവിരിഞ്ഞു പകുതി മൂപ്പെത്തുമ്പോൾ (ഏകദേശം 2 ഇഞ്ച് വ്യാസം) കർഡിന് ചുറ്റുമുള്ള 3-4 ഇലകൾ കൊണ്ട് പൊതിഞ്ഞു കൂട്ടിച്ചേർത്തു കെട്ടണം (വെണ്മ). ഇത് മൂലം സൂര്യപ്രകാശം നേരിട്ട് പതിക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ഒഴിവാകുന്നു. |

മത്സ്യകൃഷി:- വെയിൽ കൂടുന്നതിനാൽ പടുതാക്കുളത്തിൻറെ മുകളിൽ ഷെയ്ഡ് നെറ്റ് പോലുള്ളവ ഒരു മറയായി കെട്ടാവുന്നതാണ്. ഇങ്ങനെ പച്ച പ്ലവകങ്ങളുടെ അളവ് കൂടുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാം.

മൃഗസംരക്ഷണം:-കേരള മൃഗ സംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി പശു, എരുമ എന്നിവയ്ക്ക് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നാല് മാസവും അതിന് മുകളിലും പ്രായമുള്ള ഉരുക്കളെ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ടതാണ്.